**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1960</u>** **<u>29-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മത്സ്യബന്ധന യാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി.പി. ചിത്തരഞ്ജൻ</td><td colspan="2">ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ വകുപ്പ് മുൻകൈ എടുത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>കേന്ദ്ര സർക്കാരിന്റെ പൊതുവിതരണ സമ്പ്രദായം വഴി ലഭിക്കുന്ന മണ്ണെണ്ണയും, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എണ്ണ കമ്പനികൾ വില നിശ്ചയിച്ച് മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുമാണ് പ്രധാനമായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്നത്. പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ പവ്വറിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ഓരോ മാസവും ലിറ്ററിന് 25 രൂപ വീതം സബ്സിഡി നിരക്കിൽ (ഡി. ബി. റ്റി മുഖേന) സർക്കാർ നൽകി വരുന്നുണ്ട്.<br>
<table>
<tr><td>10 HP വരെ</td><td>140 ലിറ്റർ</td></tr>
<tr><td>10 HP മുതൽ 15 HP വരെ</td><td>150 ലിറ്റർ</td></tr>
<tr><td>15 HP ക്ക് മുകളിൽ</td><td>190 ലിറ്റർ</td></tr>
</table>
2025-26 സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് 25 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും നാളിതുവരെ സബ്സിഡി തുകയായി 4,27,28,825/- രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കേന്ദ്രം നൽകേണ്ട മണ്ണെണ്ണ വിഹിതം ലഭ്യമാക്കാൻ വകുപ്പ് മുൻകൈ എടുത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഇതിനെ സംബന്ധിച്ച കേന്ദ്ര സമീപനം എന്തെന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കൂടുതലായും മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിനുകൾ ഘടിപ്പിച്ച വള്ളങ്ങളാണ് മത്സ്യബന്ധനത്തിനായി ഉപയോഗിച്ച് വരുന്നത്. മണ്ണെണ്ണയുടെ വില വർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. നിലവിൽ പൊതു വിപണിയിൽ</td></tr>
</table>

മണ്ണെണ്ണയുടെ വില ലിറ്ററിന് 100.196 രൂപയും സിവിൽ സപ്ലൈസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന സബ്സിഡി രഹിത മണ്ണെണ്ണക്ക് ലിറ്ററിന് 62.00 രൂപയുമാണ്. ഡീസലിന് 95.24 രൂപയും പെട്രോളിന് 106.26 രൂപയും ഉള്ളപ്പോഴാണ് മണ്ണെണ്ണയുടെ വില ഇത്രയും ഉയർന്ന് നിൽക്കുന്നത്. പൊതു വിതരണ സമ്പ്രദായം വഴി നൽകിയിരുന്ന സബ്സിഡി മണ്ണെണ്ണ കേന്ദ്ര സർക്കാർ ഇപ്പോൾ നൽകുന്നില്ല.

കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണ, സംസ്ഥാനത്ത് മത്സ്യബന്ധന മേഖല, കാർഷിക മേഖല ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. സബ്സിഡി രഹിത മണ്ണെണ്ണ വളരെ കുറഞ്ഞ അളവിൽ മാത്രമാണ് ലഭ്യമാകുന്നത്. 2022 ൽ നടത്തിയ സംയുക്ത പരിശോധനയിൽ 14,502 എഞ്ചിനുകളാണ് സബ്സിഡിക്ക് അർഹതയുള്ളതായി കണ്ടെത്തിയിട്ടുള്ളത്. അത്രയും എഞ്ചിനുകൾക്ക് 1,12,154.616 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമാണ്. എന്നാൽ നിരന്തരം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടും 2022-23 സാമ്പത്തിക വർഷത്തിൽ 7,160 കിലോ ലിറ്ററും, 2023-24 സാമ്പത്തിക വർഷത്തിൽ 3,300 കിലോ ലിറ്ററും, 2024 - 25 സാമ്പത്തിക വർഷത്തിൽ 1,268 കിലോ ലിറ്ററും സബ്സിഡി രഹിത മണ്ണെണ്ണ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന വില വർദ്ധനവ് പരമ്പരാഗത മത്സ്യബന്ധന മേഖലയെ ഗുരുതരമായി ബാധിക്കുന്നുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം എണ്ണ കമ്പനികൾക്ക് നൽകിയ കേന്ദ്ര സർക്കാരിന്റെ തീരുമാനമാണ് വില വർധിക്കാനുള്ള മുഖ്യ കാരണം. വില കുത്തനെ കൂട്ടിയതിന് പിന്നാലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതവും നിർത്തലാക്കുകയാണ്. മണ്ണെണ്ണയ്ക്ക് പകരം മത്സ്യബന്ധനത്തിന് പെട്രോളോ ഡീസലോ ഇന്ധനമായി ഉപയോഗിക്കുന്ന കാര്യം പരിഗണിക്കണം എന്നാണ് കേന്ദ്രസർക്കാരിന്റെ നിലപാട്.

പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ പിന്നോക്കാവസ്ഥയിലുള്ള മേഖല എന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അത്രയും മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മത്സ്യബന്ധന വകുപ്പ് മന്ത്രി, കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് ചർച്ച നടത്തി നിവേദനം നൽകിയിരുന്നു. അർഹരായ

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയുടെ ലഭ്യത ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് കീഴിലുള്ള മത്സ്യഫെഡ് -ന് മണ്ണെണ്ണയുടെ മൊത്ത വിതരണത്തിനുള്ള ഡീലർഷിപ്പ് അനുവദിക്കണമെന്നും കേന്ദ്ര മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതേ വരെയായും കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല സമീപനം ഉണ്ടായിട്ടില്ല. |
| (സി) | മണ്ണെണ്ണക്കു പകരം ശുദ്ധവും പരിസ്ഥിതിക്കു യോജിച്ചതുമായ ഇന്ധനം ഉപയോഗിക്കുന്ന യാനങ്ങളിലേക്കു മാറാൻ മത്സ്യത്തൊഴിലാളികൾക്കു സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | മണ്ണെണ്ണയ്ക്ക് പകരം ശുദ്ധവും പരിസ്ഥിതിക്ക് യോജിച്ചതുമായ ഇന്ധനം ഉപയോഗിക്കുന്ന യാനങ്ങളിലേക്ക് മാറാൻ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1) മണ്ണെണ്ണ എഞ്ചിൻ, പെട്രോൾ എഞ്ചിനുകളിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള സബ്സിഡി.**<br><br>മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിനായി 24/06/2023-ലെ സ.ഉ(സാധാ) നം.512/2023/മതുവ പ്രകാരം 1000 ലക്ഷം രൂപയുടെ (ആയിരം ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി പ്രകാരം, നിലവിൽ മണ്ണെണ്ണ എഞ്ചിനുകൾ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ടി എഞ്ചിന് പകരം പെട്രോൾ എഞ്ചിൻ വാങ്ങിയാൽ 50% സബ്സിഡി (പരമാവധി 50,000/- രൂപ വരെ ) പദ്ധതിയിലൂടെ നൽകുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 177 ഗുണഭോക്താക്കൾക്ക് ഒരോരുത്തർക്കും 50,000 രൂപ നിരക്കിൽ ആകെ 88.5 ലക്ഷം രൂപ സബ്സിഡിയായി അനുവദിച്ചിരുന്നു. 2025-26 ൽ സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.<br><br>**2) മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം എൽ. പി. ജി എഞ്ചിനാക്കുന്നതിനുള്ള പദ്ധതി - സബ്സിഡി**<br><br>19/10/2023 തീയതിയിലെ സ.ഉ(സാധാ) നം. 834/2023/മതുവ പ്രകാരം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന യാനങ്ങളിൽ നിലവിൽ ഉപയോഗിച്ച് വരുന്ന മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം എൽ. പി. ജി എഞ്ചിനാക്കുന്നതിനുള്ള 3.55 കോടി രൂപ (മൂന്നു കോടി അൻപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ചെലവ് വരുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എൽ.പി.ജി ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സ്റ്റാൻന്റേർഡ് ഓപ്പറേറ്റിംഗ് പ്രോസിജിയർ (SOP) 16/04/2025 ൽ ലഭ്യമാകുകയും, തുടർന്ന് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളിക്ക് എൽ. |

| | | | |
|---|---|---|---|
| | | | പി. ജി കിറ്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>**3) മണ്ണെണ്ണ എഞ്ചിനിൽ നിന്ന് പെട്രോൾ എഞ്ചിനിലേക്ക് മാറ്റുന്ന പെർമിറ്റുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് - പെട്രോൾ സബ്സിഡി.**<br><br>മണ്ണെണ്ണ എഞ്ചിനിൽ നിന്ന് പെട്രോൾ എഞ്ചിനിലേക്ക് മാറ്റുന്ന പെർമിറ്റുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് നിലവിൽ മണ്ണെണ്ണ സബ്സിഡി നൽകി വരുന്ന അതേ നിരക്കിലും (ലിറ്ററിന് 25 രൂപ നിരക്കിൽ) അതേ അളവിലും പെട്രോൾ സബ്സിഡി അനുവദിച്ച് 26/07/2025 ലെ സ.ഉ(സാധാ) നം.544/2025/മതുവ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ